# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER **17** | **2022** |



## ശബരിമല പത്രക്കുറിപ്പ്-3


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2022@gmail.com


### ശബരിമല തീർഥാടനം: ജലവിഭവ വകുപ്പിന്റെ സജ്ജീകരണങ്ങൾ പൂർണം- മന്ത്രി റോഷി അഗസ്റ്റിൻ

ശബരിമല തീർഥാടനത്തോട് അനുബന്ധിച്ചുള്ള ജലവിഭവ വകുപ്പിന്റെ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. പമ്പയിൽ ചേർന്ന ജലവിഭവ വകുപ്പിന്റെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ശബരിമലയിലെത്തുന്ന ഭക്തന്മാർക്ക് ശുദ്ധജലമെത്തുന്നുവെന്ന് ഉറപ്പു വരുത്തണം. വാട്ടർ ടാങ്കുകളിൽ വെള്ളം നിറയ്ക്കുന്നതിന് ഒൻപത് ടാങ്കറിനു പുറമേ അഞ്ചു ടാങ്കറുകൾ കൂടി എത്തിക്കും. നാൽപ്പതിനായിരം ലിറ്റർ വെള്ളം കൊള്ളുന്ന ടാങ്കറുകളും എത്തിക്കും. ഏതു സമയവും ആവശ്യമായ വെള്ളമുണ്ടെന്ന് ഉറപ്പു വരുത്തണം. നിലയ്ക്കലെ ടാങ്കുകളിലേക്ക് പമ്പയിൽ നിന്നും പ്ലാപ്പള്ളിയിലേക്ക് മഠത്തുംമൂട്ടിൽ നിന്നും വെള്ളം എത്തിക്കും.

വകുപ്പുകൾ എല്ലായ്പ്പോഴും ജാഗരൂകരായിരിക്കണം. 181 കിയോസ്കുകളും 122 പബ്ലിക് ടാപ്പുകളും സജ്ജമാണ്. നിലയ്ക്കലിൽ അഞ്ച് ആർഒ പ്ലാന്റുകളും, പമ്പയിൽ 11 ആർഒ പ്ലാന്റുകളും സജ്ജമാണ്. ജലസംഭരണികളിൽ പരമാവധി വെള്ളം സംഭരിച്ചു വയ്ക്കണം. അപകടസാധ്യതയുള്ള കടവുകളിൽ സൂചനാ ബോർഡുകൾ സ്ഥാപിക്കും. നിലയ്ക്കൽ കെഎസ്ആർടിസി ബസ് സ്റ്റേഷനിൽ ചൂടുവെള്ളവും, പച്ച

വെള്ളവും വിതരണം ചെയ്യും. സാധ്യമായ എല്ലാ പ്രവർത്തികളും വകുപ്പ് നടത്തും. ഒരു ബുദ്ധിമുട്ടും ഉ ാവാതിരിക്കാൻ പരിശോധന ഉറപ്പു വരുത്തുമെന്നും മന്ത്രി പറഞ്ഞു. അഡ്വ. പ്രമോദ് നാരായൺ എംഎൽഎ, ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ, ശബരിമല എഡിഎം ടി.ജി. ഗോപകുമാർ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-20)

**ഫോട്ടോ അടിക്കുറിപ്പ്- മിനിസ്റ്റർ റോഷി അഗസ്റ്റിൻ-**
ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ജല വിഭവ വകുപ്പിന്റെ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് പമ്പയിൽ എത്തിയ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. അഡ്വ. പ്രമോദ് നാരായൺ എംഎൽഎ, ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ തുടങ്ങിയവർ സമീപം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.